കേരള സർക്കാർ

**സംഗ്രഹം**

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.01.2016 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ) നം.463/2016/സഹ. തീയതി, തിരുവനന്തപുരം, 03.09.2016.

---

പരാമർശം:- 1) 16.06.2016 ലെ സ.ഉ.(സാധാ) നം. 350/2016/സഹ നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാറുടെ 10.08.2016 ലെ ഇ.എം.(4) 23280/2016 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് 01.01.2016 മുതൽ പ്രാബല്യത്തിൽ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സഹകരണ സ്ഥാപനങ്ങൾക്ക് 4% വർദ്ധിപ്പിച്ച് 96% ക്ഷാമബത്തയും പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്ത സഹകരണ സ്ഥാപനങ്ങൾക്ക് 5% വർദ്ധിപ്പിച്ച് 174% ക്ഷാമബത്തയും മേൽ പരാമർശിച്ച രണ്ട് ശമ്പള പരിഷ്കരണവും നടപ്പിലാക്കാത്ത സഹകരണ സ്ഥാപനങ്ങൾക്ക് 6% വർദ്ധിപ്പിച്ച് 240% ക്ഷാമബത്തയും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ള സഹകരണ സംഘം/ബാങ്ക് ജീവനക്കാർക്ക് 01.01.2016 മുതൽ 6% വർദ്ധിപ്പിച്ചുകൊണ്ട് 98% ക്ഷാമബത്തക്ക് അർഹതയുണ്ടെന്നും ആയതിനാൽ പ്രസ്തുത നിരക്കിലുള്ള വർദ്ധനവ് അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സഹകരണ മേഖലയിലെ വിവിധ സർവ്വീസ് സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ആയതിൻമേൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ക്ഷാമബത്ത പരിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെപ്പറയും പ്രകാരമുള്ള ഭേദഗതി വരുത്തിയ നിരക്കുകൾ അനുവദിച്ചുകൊണ്ടും 01.01.2017 മുതൽ പ്രായോഗികമാക്കേണ്ട ക്ഷാമബത്ത നിരക്കുകൾ All India Consumer Price Index for Industrial Workers (AICPI) ന്റെ അടിസ്ഥാനത്തിലായിരിക്കും കണക്കാക്കുക എന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01.07.2015 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2016 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2016 | 92% | 6% | 98% |

## പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01.07.2015 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2016 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2016 | 169% | 9% | 178% |

## മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ശമ്പളപരിഷ്കരണവും നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01.07.2015 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2016 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2016 | 234% | 11% | 245% |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുപ്രഭ എസ്,

ജോയിന്റ് സെക്രട്ടറി.

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
   (ആമുഖ കത്ത് സഹിതം - വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
6. സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ